(ബി) ഖാദി മേഖലയിൽ 8 കോടി രൂപയുടെയും കൈത്തറി മേഖലയിൽ 55 കോടിയോളം രൂപയുടെയും ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഖാദി കൈത്തറി മേഖലയിൽ സ്റ്റോക്കുകെട്ടി കിടക്കുന്നു എന്നു ള്ളതു വസ്തുതയാണ്. എന്നാൽ ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതികളനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇങ്ങനെ ഒരു നിർദ്ദേശം വയ്ക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല.

45 (1271) കശുമാവ് കൃഷി ഏറ്റെടുക്കുവാൻ പദ്ധതി

ശ്രീ. പാലോട് രവി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഈ വർഷം കശുമാവു കൃഷി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി നടത്തുന്നത്;

(സി) ഇത് ഏതൊക്കെ പ്രദേശങ്ങളിലാണ്;

(ഡി) ഇതിനായി ഈ സാമ്പത്തിക വർഷം എന്തു തുക വകകൊള്ളിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കശുമാവ് കൃഷി ചെയ്യാൻ ഉദ്ദേശമുണ്ട്.

(ബി) കശുമാവ് കൃഷി നടത്താൻ അനുയോജ്യമായിട്ടുള്ള സ്ഥലം ലഭ്യമാകുന്നതനുസരിച്ച് കൃഷി നടത്താൻ ഉദ്ദേശിക്കുന്നു.

(സി) കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായും, കാലിക്കട്ട്/കേരള യൂണിവേഴ്സിറ്റിയുമായും സ്ഥലം ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച നടന്നു വരികയാണ്.

(ഡി) ഇതിനായി ബഡ്ജറ്റ് സ്പീച്ചിൽ അഞ്ചുകോടി രൂപാ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

46 (1272) കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ സംസ്ഥാനത്ത് കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണെന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) കോർപ്പറേഷന്റെ പ്രവർത്തനത്തെ ഗണ്യമായി ബാധിക്കുന്ന കശുവണ്ടിയുടെ ലഭ്യതകുറവ് കണക്കിലെടുത്ത് കോർപ്പറേഷൻ കശുമാവ് കൃഷി നടത്തുന്നതിന് അനുവാദം നൽകണമെന്ന് അപേക്ഷിക്കുകയും അതിന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിൽ കശുമാവുകൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായും ഫോറസ്റ്റു ഡിപ്പാർട്ടുമെന്റുമായും കാലിക്കട്ട് യൂണിവേഴ്സിറ്റിയുമായും കേരള യൂണിവേഴ്സിറ്റിയുമായും കശുമാവു കൃഷിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ചർച്ച നടത്തി വരികയാണ്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവ് കൃഷി നടത്തുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ നിർദ്ദേശിച്ചിട്ടുണ്ട്.

47 (1273) മൾബറി കൃഷി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷത്തിൽ സംസ്ഥാനത്ത് എത്ര ഏക്കർ സ്ഥലത്ത് മൾബറികൃഷി വ്യാപിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) മൾബറി കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(സി) മൾബറി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും സഹായ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുവർഷത്തിൽ സംസ്ഥാനത്ത് 8063 കർഷകരെ ഉൾപ്പെടുത്തി 5402 ഏക്കറിൽ മൾബറി കൃഷി ചെയ്തിട്ടുണ്ട്.

(ബി) മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏക്കറൊന്നിന് 2500 രൂപ നടീൽ സബ്സിഡി, ജലസേചനം ഏർപ്പെടുത്തുന്നതിനായി ഏക്കറൊന്നിന് 8,800 രൂപ മുതൽ 16,000 രൂപവരെ ഭൂമിയുടെ സ്വഭാവം അനുസരിച്ച് ധനസഹായം നൽകുക തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. റീലിംഗ്, പട്ടുനൂൽ സംസ്കരണം, പട്ടുനൂൽ നെയ്ത്ത് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) മൾബറികൃഷിക്ക് ആവശ്യമായ വിത്ത്കമ്പ് ആവശ്യമുള്ള എല്ലാ കർഷകർക്കും സൗജന്യമായി എത്തിച്ചുകൊടുക്കുന്നതിന് പുറമേ മൾബറികൃഷിചെലവിലേയ്ക്കായി ഏക്കറിന് 2500 രൂപ നടീൽ സബ്സിഡി നൽകുകയും ജലസേചനം ഏർപ്പെടുത്തുന്നതിനായി ഏക്കറിന് 8,800 രൂപ മുതൽ 16,000 രൂപവരെ ഭൂമിയുടെ സ്വഭാവം അനുസരിച്ച് ധനസഹായം മാതൃകാകൃഷിത്തോട്ടമായി തെരഞ്ഞെടുക്കപ്പെടുന്ന തോട്ടത്തിന്റെ ഉടമയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly